പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിക്കുന്ന വിശദവിവരം അനുബന്ധമായി നൽകിയിരിക്കുന്നു.+

(സി) അവരുമായി ബന്ധപ്പെടുകയും ക്ഷണിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) എല്ലാ അടിസ്ഥാന സൗകര്യങ്ങളുമൊരുക്കിയിട്ടുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങളും വ്യവസായ പാർക്കുകളും സംസ്ഥാനത്ത് തയ്യാറാക്കിയിട്ടുണ്ട്. അവർക്കുവേണ്ട എല്ലാ സൗകര്യങ്ങളും നൽകാൻ കെ.എസ്.ഐ.ഡി.സി. കിൻഫ്ര, കെ.എഫ്.സി തുടങ്ങിയ ഏജൻസികളും സുസജ്ജമാണ്.

(ഇ) പുതിയ വ്യവസായ, ഐ.റ്റി നയമനുസരിച്ചുള്ള ഇളവുകൾ അനുവദിക്കുന്നതാണ്.

ഹോം നഴ്സുമാരും വീട്ടുജോലിക്കാരും നേരിടുന്ന പീഡനങ്ങൾക്കെതിരെ നടപടി

9 (*279) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോം നഴ്സുമാരെയും വീട്ടുജോലിക്കാരെയും ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സ്ഥാപനങ്ങൾ മുഖേന ജോലി ലഭിക്കുന്ന സ്ത്രീകളും പെൺകുട്ടികളും ജോലി സ്ഥലത്ത് പീഡനങ്ങൾക്കിരയാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം പരാതികളിൻമേൽ അന്വേഷണം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാമൂഹ്യക്ഷേമ വകുപ്പിൽ എന്തു സംവിധാനമാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഹോം നഴ്സുമാരും വീട്ടുജോലിക്കാരും ഉൾപ്പെട്ട സ്ത്രീപീഡന കേസ്സുകളിൽ അനുകൂലസമീപനം ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത്തരം കേസ്സുകളിൽ പരാതിക്കാർക്ക് നീതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

+ അനുബന്ധം-I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പത്രവാർത്തകളിലൂടെ അറിഞ്ഞിട്ടുള്ളതല്ലാതെ രേഖാമൂലം പരാതികളൊന്നും സാമൂഹ്യക്ഷേമ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ഡി) പ്രത്യേക സംവിധാനമൊന്നും ഇപ്പോൾ സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിലില്ല. എന്നാൽ പരാതി ലഭിക്കുന്ന പക്ഷം നിലവിലുള്ള മറ്റു സംവിധാനങ്ങൾ ഉപയോഗിച്ച് അന്വേഷണം നടത്താൻ കഴിയും.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

വിളപ്പിൽശാലയിൽ ജൈവവള ഫാക്ടറി നിർമ്മിക്കുന്നത് സംബന്ധിച്ച പഠനം

10 (*280)ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് വിളപ്പിൽശാലയിൽ ജൈവവള ഫാക്ടറി നിർമ്മിക്കുന്നതിനെപ്പറ്റി പഠനം നടത്തുവാൻ നഗരസഭയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും പ്രസ്തുത ഫാക്ടറി സ്ഥാപിക്കുന്നതിനെ എതിർക്കുന്ന ആക്ഷൻ കൗൺസിൽ പ്രതിനിധികളും വിജയവാഡയിലെ ഇത്തരത്തിലുള്ള ഫാക്ടറി സന്ദർശിക്കുവാൻ 1999 നവംബറിൽ തദ്ദേശസ്വയംഭരണവകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തീരുമാനം എടുത്തിരുന്നോ;

(ബി) എങ്കിൽ ഇതനുസരിച്ച് പഠനം നടത്തിയോ എന്നറിയിക്കുമോ;

(സി) ജനപ്രതിനിധികളുടെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളുടേയും ഇതു സംബന്ധിച്ച അഭിപ്രായമെന്താണ്;

(ഡി) വിളപ്പിൽശാലയിൽ ഈ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഇ) വിജയവാഡയിലെ പ്ലാന്റ് സന്ദർശിക്കുവാൻ പോയ സമിതിയുടെ ചെലവ് എത്രയാണ് എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ)&(ബി) ശാസ്ത്രീയവും പരിസ്ഥിതിക്കനുരൂപവുമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് വിളപ്പിൽശാലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ചവർ സംസ്ക്കരണശാലയുടെ പ്രവർത്തനം സംബന്ധിച്ച് തദ്ദേശവാസികൾക്കും വിളപ്പിൽ പഞ്ചായത്ത് കമ്മിറ്റിക്കും ഉണ്ടായ ഭയാശങ്കകൾ ദൂരീകരിക്കുന്നതിനായി ഇതേ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്ന വിജയവാഡയിലെ ഫാക്ടറി സന്ദർശിച്ചു പ്രവർത്തനം മനസ്സിലാക്കാൻ തീരുമാനിക്കുകയും അതുപ്രകാരം നഗരസഭ, വിളപ്പിൽ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ആക്ഷൻ കൗൺസിൽ അംഗങ്ങൾ എന്നിവരടങ്ങുന്ന 30 അംഗസംഘം പ്രസ്തുത ഫാക്ടറി സന്ദർശിച്ച് പ്രവർത്തനം നേരിൽ മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly